Mr. T. K. Krishna Menon.—(a) It was done following the usual practice of publishing such a list of Members for every Session of the Council.

(b) Because it has not been the usual practice to do so. It is the name of the office that used to be printed there in bold type. The order of names now given is the one in which the Members were sworn.

Mr. T.A. Ramachandra Ayyar.—Was this the usual procedure, to publish the list of Members?

Mr. T. K. Krishna Menon.—For every Session that is the usual practice.

President.—And so it was published during each Session.

Mr. T. K. Krishna Menon.—At the beginning of the first number of each Session, a list of Members would be published. In the Legislative Session and in the preliminary meeting one each.

Mr. T. A. Ramachandra Ayyar.—In the Proceedings of the First Council it is not done so. So I say it is not the usual practice.

President. For every Session names were not published

Mr. T. K. Krishna Menon.—For *every* Session names *were* published.

Mr. T. A. Ramachandra Ayyar.—Not according to this. Names of Members were published. The names of the President, the Deputy President and then the names of Members were published. Only names of Members are published. So it is not the usual practice.

President.—We ought to follow the present order.

Mr. T. K. Krishna Menon.—Probably in the first Session, names were published in the order in which the Members were sworn in, *i. e.*, in the alphabetical order.

President.—Even then you ought to give the designation.

Mr. T.K. Krishna Menon.—If I remember right, designation too is invariably given. I may inform the House that there were two *real* errors for which correction slips are already issued.

Cases brought in by Pulayas.

39. മിസ്റ്റർ പി. സി. ചാഞ്ചൻ.—പുലയർ അന്യായക്കാരായി കോടതികളിലും പൊല്ലീസ് കച്ചേരികളിലും ബോധിപ്പിക്കുന്ന മിക്കകേസ്സുകളും ചാർജുകളും തെളിവില്ലാതെ തള്ളിപ്പോകുന്നതിന്റെ രഹസ്യം കണ്ടുപിടിക്കുവാൻ ബഹുമനപ്പെട്ട പുതിയ പോല്ലീസ് കമ്മീഷണർ ശ്രമിക്കുമോ?

മിസ്റ്റർ പി. നടേശമേനോൻ.—ശ്രമിക്കാം. അനേഷണത്തിൽ തെളിവില്ലാത്തതുകൊണ്ടാണെന്നാണ് അറിവു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡണ്ടു്.—തെളിവില്ലാതെ പോയതായി വല്ല കേസ്സും പ്രത്യേകമെടുത്തു പറയുവാൻ സാധിക്കുമൊ? പൊതുവായി പറഞ്ഞാൽ ശരിയായസമാധാനം പറയുവാൻ ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കഴിഞ്ഞകൊല്ലം പനമ്പുകാട്ടുപുലയരുടെ ഒരു കേസ്സു് തെളിവില്ലെന്നു പറഞ്ഞാണു് കളഞ്ഞതു്. വടുതല പുലയരും ക്രിസ്ത്യാനികളുമായുണ്ടായ അടിലഹളക്കേസ്സും അതുപോലെതന്നെ.

പ്രസിഡണ്ടു്.—വടുതലക്കേസ്സിൽ ആരായിരുന്നു പ്രതികൾ?

മിസ്റ്റർ പി. സി. ചാഞ്ചൻ—പ്രതികൾ ക്രിസ്ത്യാനികൾ. വാദികൾ പുലയരും.

പ്രസിഡണ്ടു്.—എന്താണു് കേസു്?

മിസ്റ്റർ പി. സി. ചാഞ്ചൻ.—പുലയർ നല്ലമുണ്ടും ഉടുത്തു് ഷൂട്ടും ഇട്ടുപോയതിൽ ക്രിസ്ത്യാനികൾക്കു രസിക്കാത്തതിനാലുണ്ടായ അടിലഹളയാണു്.

പ്രസിഡണ്ടു്.—കേസിനു് പുലയർ തെളിവുകൊടുത്തില്ലേ?

മിസ്റ്റർ പി. സി. ചാഞ്ചൻ.—പുലയക്കു അവരല്ലാതെ മറ്റാരാണു് തെളിവുകൊടുക്കുന്നതു്?

പ്രസിഡണ്ടു്.—പോലീസു് കേസു് ആയിരുന്നൊ?

മിസ്റ്റർ പി. സി. ചാഞ്ചൻ.—ചാർജ്ജു കേസ്സായിട്ടാണു് കൊടുത്തതു്. കഴിഞ്ഞകൊല്ലം ചാത്തൻ എന്നൊരാളെ അടിച്ചതിനു കൊടുത്ത ഒരു കേസും തെളിവില്ലാതെയാണു് പോയതു്.

പ്രസിഡണ്ടു്.—ഒന്നിനും തെളിവില്ലാതെ എന്തുചെയ്യും?

മിസ്റ്റർ പി. സി. ചാഞ്ചൻ.—സാധാരണയായി പുലയരുടെ കേസ്സുകൾക്കൊന്നിനും തെളിവില്ലാതെയാണു് പോകുന്നതു്. അതിനുകാരണം അവർക്കു പണം ഇല്ലാത്തതാണു്. പുലയർക്കു് പണം ഉണ്ടായിരുന്നുവെങ്കിൽ തെളിവും ഉണ്ടാകുമായിരുന്നു.

Injuries caused to a Pulaya.

40. മിസ്റ്റർ പി. സി. ചാഞ്ചൻ.—കുലയേറിക്കാരൻ ഓഞ്ഞിയെ അക്രമിയായ ഒരാൾ അടിച്ചു തലപൊട്ടിച്ചു വഴക്കിനു് തുമ്പുണ്ടായിരുന്നുവെന്നും തുപ്പുണിത്തുറ പൊല്ലീസ് സബ്ബ് ഇൻസ്പെക്ടർ അവർകൾ അന്വേഷിച്ചുവന്നപ്പോൾ തുമ്പില്ലാതെ പോയിയെന്നും അറിയുന്നു. അതു് എങ്ങിനെ സംഭവിച്ചു എന്നുള്ള സംഗതി ബഹുമാനപ്പെട്ട കമ്മീഷണർ അവർകളുടെ ഗാഢമായ ആലോചനക്കു വിഷയീഭവിക്കുമൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—തുമ്പില്ലാതെ പോയതല്ല. അന്വേഷണത്തിൽ പൊല്ലീസ്സിനു് നേരിട്ടു പ്രവേശിക്കുവാൻ പാടില്ലാത്ത കുറ്റം മാത്രമെന്നു കണ്ടതിനാൽ ആ വിവരത്തിനു് കോടതിക്കു് തീപ്പുറിപ്പോട്ട ചെയ്തതാണു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ഛോദ്യത്തിൽ പറയുന്നകേസ്സു് ഉലക്കകൊണ്ടടിച്ചു് തലപൊട്ടിച്ചതാണു്. ഇൻസ്പെക്ടർ ചെന്ന

LIBRARY ARCHIVES Kerala Legislative Assembly